# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 461 - 08/08/2017 - ലെ മറുപടിക്ക്

## വിദ്യാഭ്യാസവായ്പ തിരിച്ചടവ് സഹായപദ്ധതി

**ചോദ്യം** **ഉത്തരം**

ശ്രീ. റ്റി. വി. രാജേഷ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണി യിലായവരെ സഹായിക്കുന്നതിനായി പ്രഖ്യാപിച്ച വിദ്യാഭ്യാസവായ്പ തിരിച്ചടവ് സഹായപദ്ധതിയുടെ വിശദാംശം നൽകുമോ; | 2016-17 -ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിലും 2017-18-ലെ ബജറ്റ് പ്രസംഗത്തിലും വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതിയനുസരിച്ച്, വിദ്യാർത്ഥികൾക്ക് അനുവദിച്ച വിദ്യാഭ്യാസ വായ്പകളെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. (i) നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പാ / സ്റ്റാൻഡേർഡ് അക്കൗണ്ട് (Non NPA / Standard Account). (ii) 31.03.2016-നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31.03.2016 -ന് നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വിദ്യാഭ്യാസ വായ്പാ അക്കൗണ്ട്. സ.ഉ.(പി) 65/2017 തീയതി 16.05.2017, സ.ഉ.(പി) 89/2017 തീയതി 12.07.2017 എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 02.08.2017-ലെ 61/2017/ധന. സർക്കുലർ പ്രകാരം ഓൺലൈൻ അപേക്ഷ |

| | | |
|---|---|---|
| | | സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• 01.04.2016നു മുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള നാലു വർഷത്തേയ്ക്ക് 90%, 75%, 50%, 25% എന്നീ നിരക്കിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.<br><br>• കേരളത്തിലെ എല്ലാ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാഭ്യാസ വായ്പ എടുത്ത് ഇൻഡ്യയിലെ അംഗീകൃത പ്രൊഫഷണൽ / ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതായിരിക്കും.<br><br>• 31.03.2016 നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ളോസ് ചെയ്യുന്നതിന് 4 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പാതുകയുടെ 60% വും 4 ലക്ഷത്തിനുമേൽ 9 ലക്ഷം വരെയുള്ള വായ്പകൾക്ക് കുടിശ്ശികയായിട്ടുള്ള മുതലിന്റെ 50% (പരമാവധി 2,40,000/- രൂപ വരെ) വും സർക്കാർ സഹായം നൽകുന്നതാണ്.<br><br>• വായ്പയുടെ മേലുള്ള മുഴുവൻ പലിശയും പിഴപലിശയും ഇളവ് ചെയ്യുന്നതിന് ബാങ്ക് തയ്യാറാകുന്ന പക്ഷം പഠനകാലയളവിലോ |

| | | |
|---|---|---|
| | | വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടം മൂലമോ അസുഖം മൂലമോ ശാരീരികമായോ മാനസികമായോ 80% -മോ അതിലധികമോ സ്ഥിരവൈകല്യം നേരിട്ടതോ, മരണപ്പെട്ടു പോയതോ ആയ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ മുഴുവൻ മുതൽ തുകയും, തീയതി, അനുവദിച്ച ലോൺ തുക, ലോൺ അക്കൗണ്ടിന്റെ തരം എന്നിവ പരിഗണിക്കാതെ തന്നെ സർക്കാർ വഹിക്കുന്നതാണ്.<br>• മാനേജ്മെന്റ്/എൻ.ആർ.ഐ ക്വോട്ട, അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല.<br>• മാനേജ്മെന്റ് ക്വോട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീമിന്റെ ആനുകൂല്യത്തിന് അർഹരാണ്.<br>• ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള അനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.<br>• ഈ സ്കീം പ്രകാരം ഇൻഡ്യയിലെ ആദ്യത്തെ ഗ്രാജുവേറ്റ് / പോസ്റ്റ് ഗ്രാജുവേറ്റ് / ഡിപ്ലോമ കോഴ്സുകൾക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകു കയുള്ളൂ.<br>• വാർഷിക കുടുംബ വരുമാനം 6 ലക്ഷത്തിൽ താഴെയുള്ള വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് മാത്രമേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40% -മോ അധികമോ അംഗപരിമിതിയുള്ളവർക്ക് |

| | | |
|---|---|---|
| | | വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും. |
| (ബി) | ഈ പദ്ധതിയിൽ അപേക്ഷ സ്വീകരിച്ചു തുടങ്ങുന്നതെപ്പോൾ മുതലാണെന്നും എവിടെയാണ് അപേക്ഷിക്കേണ്ടതെന്നും വ്യക്തമാക്കാമോ? | പ്രസ്തുത പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിനുവേണ്ടി elrs.kerala.gov.in എന്ന വെബ്പോർട്ടലിലൂടെ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 04.08.2017 മുതൽ പ്രസ്തുത വെബ്പോർട്ടലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.10.2017 ആണ്. |

സെക്ഷൻ ഓഫീസർ